**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **07-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കെ.എൻ.ആർ. 07763 എന്ന നമ്പർ പ്രകാരം അംഗത്വം എടുത്തിരുന്ന ശ്രീ.എ.വി. പ്രേമരാജൻ എന്നു മുതലാണ് ക്ഷേമനിധി ബോർഡിൽ അംഗമായത്; | (എ) | 30/01/1997-ലാണ് ശ്രീ. എ.വി. പ്രേമരാജൻ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായത്. |
| (ബി) | അദ്ദേഹം ക്ഷേമനിധിയിലേക്ക് അടച്ച ആകെ തുക എത്രയെന്നും ക്ഷേമനിധിയിൽ നിന്നും പെൻഷനായ തീയതിയും അറിയിക്കുമോ; | (ബി) | ശ്രീ. എ.വി. പ്രേമരാജൻ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 3090/- രൂപ അംശദായമായി അടവാക്കിയിട്ടുണ്ട്. ടിയാന്റെ പെൻഷൻ തീയതി 30/09/2014 ആണ്. |
| (സി) | അദ്ദേഹം മരണപ്പെട്ടത് സംബന്ധിച്ച അറിയിപ്പ് ബോർഡിന് ലഭിച്ചത് എന്നാണെന്നും മരണകാരണം എന്താണെന്നാണ് അറിയിച്ചിരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | ശ്രീ. എ.വി. പ്രേമരാജന്റെ ഭാര്യ ശ്രീമതി സുജിത കെ.പി. സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ടിനായി കണ്ണൂർ ജില്ലാ കലക്ടർ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അയച്ച 06/12/2017-ലെ കത്ത് മുഖേനയാണ് ടിയാൻ കാൻസർ രോഗം മൂലം മരണപ്പെട്ട വിവരം ബോർഡിൽ അറിഞ്ഞത്. |
| (ഡി) | അദ്ദേഹം മരണമടഞ്ഞ സമയത്ത് അംശാദായം അടവിൽ കുടിശ്ശിക ഉണ്ടായിരുന്നോ; എങ്കിൽ കുടിശ്ശിക തുക എത്രയായിരുന്നു; പ്രസ്തുത കുടിശ്ശിക ഒടുക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 2340/- രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക ഒടുക്കുവാൻ അനുമതി നൽകിയ 08/02/2019-ലെ LBRD-H1/7/2018-LBRD നമ്പർ സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു |
| (ഇ) | കുടിശ്ശിക അടച്ചത് എന്നാണെന്നും കുടിശ്ശിക അടച്ച രസീതിന്റെ പകർപ്പും ലഭ്യമാക്കുമോ; അംശാദായ കുടിശ്ശിക അടച്ചതോടെ ശ്രീ.എ.വി. പ്രേമരാജന്റെ കുടുംബം ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും നേടുന്നതിന് അർഹരായിട്ടുണ്ടോ; | (ഇ) | അംശദായ കുടിശ്ശിക 17/09/2021-ൽ അടച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കുടിശ്ശിക അടവാക്കിയതിനെ തുടർന്ന് പെൻഷനും റിട്ടയർമെൻറ് ആനുകൂല്യവും ലഭിക്കുന്നതിന് ടിയാന്റെ അവകാശികൾ അർഹത നേടിയിട്ടുണ്ട്. |
| (എഫ്) | അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | പരേതനായ എ.വി. പ്രേമരാജന്റെ ഭാര്യ ശ്രീമതി സുജിത കെ.പി.-യ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിയ 08/02/2019-ലെ |

| | | | |
|---|---|---|---|
| | | | LBRD-H1/7/2018-LBRD നമ്പർ സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ജി) | ക്ഷേമനിധി കുടിശ്ശിക പൂർണമായും അടയ്ക്കുകയും മറ്റ് നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും നൽകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | എ.വി. പ്രേമരാജൻ എന്നവർക്ക് കുടിശ്ശിക ഉണ്ടായിരുന്ന 2340/- രൂപ 17/09/2021 -ൽ അടവാക്കിയിരുന്നുവെങ്കിലും ടിയാന്റെ ആശ്രിതയായ ശ്രീമതി സുജിത കെ.പി. പെൻഷനും റിട്ടയർമെൻറ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും നാളിതുവരെയും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സമർപ്പിച്ചിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ബോർഡിൽ സമർപ്പിക്കുന്നതിന് ശ്രീമതി സുജിത കെ.പി.-ക്ക് ബോർഡിൽ നിന്നും 12/07/2019, 29/01/2022 എന്നീ തീയതികളിൽ തപാൽ മുഖാന്തിരവും തുടർന്ന് ടെലഫോൺ മുഖാന്തിരവും നേരിട്ടും അറിയിപ്പ് നൽകിയിരുന്നു. ടിയാരി കണ്ണൂർ ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരായപ്പോൾ ബാങ്ക് വിവരങ്ങളും ആവശ്യമായ മറ്റ് രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പെൻഷനും റിട്ടയർമെൻറ് ആനുകൂല്യവും ലഭ്യമാക്കുന്നതിനായി, പെൻഷൻ അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ച്, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്ത് അപേക്ഷ ഓഫീസിൽ ലഭ്യമാക്കുന്നതിന് 03/02/2023-ൽ രജിസ്റ്റേർഡ് കത്ത് മുഖേന ബോർഡിൽ നിന്നും ടിയാരിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

File No.LBRD-H1/7/2018-LBRD

Date 15/2/19
Inward 373/19
S.S.
A.O.
C.E.

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

നമ്പർ:- LBRD-H1/7/2018-LBRD

08/02/2019,
തിരുവനന്തപുരം.

അഡീഷണൽ ചീഫ് സെക്രട്ടറി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിൽ വകുപ്പ്- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന ശ്രീമതി.സുജിത.കെ.പി-യുടെ നിവേദനം- സംബന്ധിച്ച്.

B3

സൂചന:- താങ്കളുടെ 24/11/18-ലെ ബി(3)151/2018 നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ ജില്ലയിലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗമായിരുന്ന ശ്രീ.എ.വി.പ്രേമരാജൻ കാൻസർ രോഗം പിടിപെട്ട് മരണപ്പെട്ടതിനാൽ ടിയാന്റെ ഭാര്യയായ ശ്രീമതി.സുജിത.കെ.പി-യുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ അംശാദായ കുടിശിക സ്വീകരിച്ച്, ശ്രീമതി.സുജിത.കെ.പി-ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**ഷൈജ സി ജി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് : ശ്രീമതി സുജിത.കെ.പി , വേലാണ്ടി ഹൗസ് .ടെംപിൾ ഗേറ്റ്.പി.ഓ ,തലശേരി (അറിവിലേക്കായി)

# Kerala Tailoring Workers Welfare Fund Board

Voucher No:**51917/21-22/HO/BRV** Date : **17-09-2021**

Member Name: **Premarajan A V (KNR07763)**

| Payment Mode | Narration | Debit (Rs) | Credit (Rs) |
|---|---|---|---|
| Online Amsadayam A/c | | 2,340.00 | |
| | Total | **2,340.00/-** | **0.00/-** |

Received a sum of Rs ***Two Thousand Three Hundred Forty Rupees Only.***

| | | |
|---|---|---|
| **Online** | **Thiruvananthapuram** | **Premarajan A V** |
| Generated by | Cheif Executive Officer | Recipient |